# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1257 07.06.2018 ൽ മറുപടിക്ക്

### കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിലെ അഡീഷണൽ ബ്ലോക്ക്

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) |
|---|---|
| (എ) കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിൽ നിർമ്മിച്ച അഡീഷണൽ ബ്ലോക്കിൽ എത്ര മുറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് പൊതുമരാമത്ത് വകുപ്പ് വിശ്രമ മന്ദിരത്തിൽ നിർമ്മിച്ച അഡീഷണൽ ബ്ലോക്കിൽ 8 മുറികളുണ്ട്. |
| (ബി) ഈ മുറികളിൽ എയർ കണ്ടീഷണർ ഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ഈ മുറികളിൽ എയർ കണ്ടീഷണർ ഘടിപ്പിച്ചിട്ടില്ല. |
| (സി) ഇല്ലെങ്കിൽ മുറികളിൽ എയർ കണ്ടീഷണർ ഘടിപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; | (സി) എല്ലാ മുറികളിലും എയർകണ്ടീഷണർ ആവശ്യമുണ്ടോ എന്ന് പരിശോധിച്ച ശേഷം വേണ്ട മുറികളിൽ ഘടിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) എല്ലാ മുറികളിലും എയർകണ്ടീഷണർ ഘടിപ്പിക്കാൻ വേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഡി) എല്ലാ മുറികളിലും എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് ഏകദേശം 5 ലക്ഷം രൂപയുടെ ചിലവ് വരും |
| (ഇ) പ്രസ്തുത വിശ്രമ മന്ദിരത്തിലെ അഡീഷണൽ ബ്ലോക്കിലെ മുറികളിൽ ഫർണിച്ചർ സ്ഥാപിക്കാൻ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഇ) ഫർണിച്ചർ സ്ഥാപിക്കാൻ 4,53,521/- (നാല്വ ലക്ഷത്തി അൻപത്തി മൂന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ